# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1176 04.02.2019 - ൽ മറുപടിക്ക്

### വാമനപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി : | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം പുനരുദ്ധരിക്കുന്നതിനായി അനുമതി ലഭിച്ച റോഡ് പ്രവൃത്തികൾ ഏതൊക്കെ ; വിശദമാക്കാമോ; | (എ) | 1. വെഞ്ഞാറമൂട് റിംഗ് റോഡ്<br>2. വാമനപുരം - ചിറ്റാർ റോഡ്<br>3. പാലോട് - ബ്രൈമൂർ റോഡ്<br>4. മലയോര പാതയിലെ ചല്ലിമുക്ക് - പാലോട് റോഡ് ഉൾപ്പെടുന്ന ഒരു പ്രവൃത്തിയും, പെരിങ്ങമല - വിതുര റോഡ് ഉൾപ്പെടുന്ന ഒരു പ്രവൃത്തിയും. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി അറിയിക്കാമോ; | (ബി) | ആദ്യ മൂന്ന് പ്രവൃത്തിയും കരാർ നൽകി പ്രവൃത്തി പുരോഗമിക്കുന്നു. മലയോര ഹൈവേയിലെ ചല്ലിമുക്ക് - പാലോട് റോഡ് ഉൾപ്പെടുന്ന പ്രവൃത്തി ടെണ്ടർ ചെയ്തു. താമസിയാതെ കരാർ ഉടമ്പടി ചെയ്യാൻ സാധിക്കും. മലയോര പാതയിലെ പെരിങ്ങമ്മല - വിതുര റോഡ് ഉൾപ്പെടുന്ന പ്രവൃത്തിക്കായി സൗജന്യമായി സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായുള്ള ഒരു പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| (സി) | കിഫ്ബിയുടെ നിബന്ധനകളിൽ നിശ്ചിത സമയക്രമത്തിനുള്ളിൽ നിശ്ചിത ശതമാനം പ്രവൃത്തി പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്ന തരത്തിൽ പ്രോഗ്രാം ചാർട്ട് (ഡബ്ല്യു.ബി.എസ്.) കരാറുകാർ തന്നെ തയ്യാറാക്കി, അതിൻപ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്ന തരത്തിലാണ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. അല്ലാത്ത പക്ഷം കോൺട്രാക്ടറിൽ നിന്നും പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികൾ കരാറെടുത്തിട്ടുള്ളവർ പ്രസ്തുത നിബന്ധനകളിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഏതൊക്കെ കരാറുകാർ ആണ് വീഴ്ച വരുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ; പ്രസ്തുത കരാറുകാർ ഓരോ പ്രവൃത്തിയിലും എത്രമാത്രം വീഴ്ച വരുത്തിയെന്ന് വിശദമാക്കാമോ; വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | വാമനപുരം നിയോജക മണ്ഡലത്തിൽ വെഞ്ഞാറമൂട് റിംഗ് റോഡ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള M/s Thoppil Constructions - ഉം വാമനപുരം - ചിറ്റാർ റോഡ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള M/s Thoppil Constructions India Private Limited ഉം ആദ്യ തവണ സമർപ്പിച്ച ഡബ്ല്യു.ബി.എസ്. പ്രകാരമുള്ള പുരോഗതി കൈവരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഇരു കരാറുകാർക്കും കരാർ ഉടമ്പടിയിൽ പറഞ്ഞിട്ടുള്ള കാലാവധിക്കുള്ളിൽ തന്നെ പൂർത്തിയാക്കുന്ന തരത്തിൽ ഡബ്ല്യു. ബി.എസ്. പുതുക്കി സമർപ്പിക്കാനായി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | കിഫ്ബി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താൻ പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ; കെ.ഡബ്ല്യു.എ., കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ. തുടങ്ങിയ യൂട്ടിലിറ്റി സർവ്വീസുകൾ മാറ്റി സ്ഥാപിക്കുന്നതിനുണ്ടാകുന്ന കാലതാമസം കിഫ്ബി പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ഇ) | ഡബ്ല്യു.ബി.എസ്. പ്രകാരം പ്രവൃത്തികൾ പുരോഗതിയിലാണോ എന്ന് മോണിറ്റർ ചെയ്യുന്നതി നാവശ്യമായ ട്രെയിനിംഗ് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് നൽകിയിട്ടുണ്ട്. KWA, KSEB എന്നീ യൂട്ടിലിറ്റി സർവ്വീസുകൾ മാറ്റി സ്ഥാപിക്കുന്നതിനുണ്ടാകുന്ന കാലതാമസം വാമനപുരം നിയോജക മണ്ഡലത്തിലെ എല്ലാ കിഫ്ബി പ്രവൃത്തികളുടെയും പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി പുതുതായി ടെണ്ടർ ചെയ്യാനുള്ള എല്ലാ പ്രവൃത്തികളിലും യൂട്ടിലിറ്റി ഏജൻസിയിൽ നിന്നും എസ്റ്റിമേറ്റുകൾ ലഭ്യമാക്കി അത് ടെണ്ടറിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം കിഫ്ബി എടുത്തിട്ടുണ്ട്. |
| (എഫ്) | ആധുനിക രീതിയിൽ ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന കിഫ്ബി പ്രവൃത്തികൾക്ക് വളരെ നീണ്ട കരാർ കാലാവധി നൽകുന്നത് പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിന് തടസ്സമാകുന്നുവെന്നത് ശ്രദ്ധയിൽ | (എഫ്) | തുടക്കത്തിൽ ടെണ്ടർ ചെയ്ത് നടപ്പിലാക്കി വരുന്ന വാമനപുരം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾക്ക് യൂട്ടിലിറ്റി സർവ്വീസുകൾ മാറ്റി സ്ഥാപിക്കുന്നതിനുണ്ടാകുന്ന കാലതാമസം കൂടി മുൻകൂട്ടി കണ്ട് കൊണ്ടാണ് നീണ്ട കാലാവധി |

| | | | |
|---|---|---|---|
| | പ്പെട്ടിട്ടുണ്ടോ; കരാറിന്റെ കാലാവധി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | നൽകിയിട്ടുള്ളത്. എന്നാൽ ഇനി മുതൽ ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് കരാർ കാലാവധി കുറയ്ക്കുന്നത് പരിഗണിക്കുന്നതാണ്. |
| (ജി) | കിഫ്ബി പ്രവൃത്തികളിൽ കരാർ ഏറ്റെടുത്ത് ആരംഭിച്ച റോഡ് പ്രവൃത്തികളിൽ യഥാസമയം പണി ചെയ്യാത്തതിനാൽ കുണ്ടും കുഴിയും മൂലം ഗതാഗതയോഗ്യമല്ലാതായിരിക്കുന്നവ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ജി) | കുണ്ടും കുഴിയും അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് ഇതിനകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**